**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3579** **12-03-2025 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ മേഖലയിലെ സ്കോളർഷിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലവിൽ ഏതൊക്കെ സ്കോളർഷിപ്പുകളാണ് നൽകിവരുന്നത് എന്നറിയിക്കുമോ; | (എ) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ കോളേജ് വിദ്യാഭ്യാസ വകുപ്പ്, സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവ മുഖേന നൽകുന്ന സ്കോളർഷിപ്പുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓരോ സ്കോളർഷിപ്പിലും എത്ര കുട്ടികൾക്ക് വീതം സ്കോളർഷിപ്പ് ലഭ്യമാകുന്നുണ്ട് എന്നറിയിക്കുമോ; സ്കോളർഷിപ്പുകൾ ഓരോന്നിനും എത്ര രൂപ വീതമാണ് നൽകുന്നത്; ഇതിൽ മുൻകാലങ്ങളിൽ നിന്ന് എന്തെങ്കിലും വ്യത്യാസം വന്നിട്ടുണ്ടോ; ഓരോന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ? | (ബി) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ കോളേജ് വിദ്യാഭ്യാസ വകുപ്പ്, സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവ മുഖേന നൽകുന്ന സ്കോളർഷിപ്പുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നൽകുന്ന സ്കോളർഷിപ്പുകൾ**

| ക്രമ നമ്പർ | പേര് | യോഗ്യത | വിവരണം | വരുമാനം | തുക/ വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|---|---|---|
| 1 | CM Scholarship | ഡിഗ്രി ബിരുദ കോഴ്സുകൾ പൂർത്തിയാക്കിയ 75% മാർക്കിന് മുകളിൽ നേടിയ വിദ്യാർത്ഥികൾക്ക്. Higher Education Scholarship ലഭിച്ച വിദ്യാർത്ഥികളെ CM Scholarship – ന് പരിഗണിക്കുകയില്ല. | 12 University ൽ നിന്നും അഫിലിയേറ്റ് ചെയ്ത കോളേജിലെ വിവിധ വിഷയങ്ങളിൽ ഉന്നത വിജയം ലഭിച്ച വിദ്യാർത്ഥികൾക്ക്. | വാർഷിക വരുമാനം 2.5 ലക്ഷം കവിയരുത് | 1,00,000/- (ഒരു ലക്ഷം രൂപ) 1000 വിദ്യാർത്ഥികൾക്ക് |
| 2 | Encourage Talent Award | University/Higher Secondary യുവജനോത്സവ മത്സരങ്ങളിൽ എ ഗ്രേഡ് (Literature, music, Performing Arts) കരസ്ഥമാക്കിയ സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ, സർക്കാർ/ എയ്ഡഡ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് | | വരുമാന പരിധി ഇല്ല | 10,000/- (പതിനായിരം രൂപ) |
| 3 | State Merit Scholarship | (1) 95 % വും അതിൽ അധികവും മാർക്കുള്ള വിദ്യാർത്ഥികൾക്ക് | +2 മാർക്കിന്റെ അടിസ്ഥാനത്തിൽ Govt/Aided Arts and Science, Music, Sanskrit കോളേജുകളിൽ | വരുമാന പരിധി ഇല്ല. | 10,000/- (പതിനായിരം രൂപ) 1050 വിദ്യാർത്ഥികൾക്ക് |

| | | | | | |
|---|---|---|---|---|---|
| | | (2)90 % വും അതിൽ അധികവും മാർക്കുള്ള വിദ്യാർത്ഥികൾക്ക് | പഠിക്കുന്ന വിദ്യാർത്ഥികൾക്ക് | 2,50,000/– (രണ്ടര ലക്ഷം രൂപ) വാർഷിക വരുമാനം | 10,000/– (പതിനായിരം രൂപ) 1050 വിദ്യാർത്ഥികൾക്ക് |
| | | (3)85 % വും അതിൽ അധികവും മാർക്കുള്ള BPL വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് | 9 സ്കോളർഷിപ്പുകൾ സംയോജിപ്പിച്ച് നിലവിൽ വന്നതാണ് State Merit Scholarship<br><br>(1) Hindi Scholarship<br>(2) Sanscrit Scholarship<br>(3) State Merit Scholarship<br>(4) Suvarnajubily Scholarship<br>(5) School Teachers Children<br>(6) Scholarship for dependent of Jawan Scholarship<br>(7) IAS coaching to SC/ST students Scholarship<br>(8) Muslim/Nadar Scholarship<br>(9) Music and Fine Arts Scholarship | | 10,000/– (പതിനായിരം രൂപ) 1050 വിദ്യാർത്ഥികൾക്ക് |
| 4 | Student Merit Award | SSLC, THSLC, ഹയർ സെക്കണ്ടറി എന്നിവ സംസ്ഥാന സിലബസിൽ പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടി വിജയിച്ച യൂണിവേഴ്സിറ്റി 1st, 2nd, 3rd റാങ്ക് നേടിയ വിദ്യാർത്ഥികൾക്ക് | 10th, +2 എന്നിവ സംസ്ഥാന സിലബസിൽ പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടി വിജയിച്ച യൂണിവേഴ്സിറ്റി 1st, 2nd, 3rd റാങ്ക് നേടിയ വിദ്യാർത്ഥികൾക്ക് | ഇല്ല | 2,000/– (രണ്ടായിരം രൂപ) അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികൾക്കും |
| 5 | Encouraging Talents in Sports | (1) Govt Arts and Science College, Teachers Training College, Music College, Physical | ഒരു കോളേജിൽ നിന്ന് ഏറ്റവും മികച്ച പരമാവധി 5 കായിക താരങ്ങൾക്ക് | 6,00,000/– (ആറ് ലക്ഷം | 15,000/– (പതിനയ്യായിരം രൂപ) |

| | | | | | |
|---|---|---|---|---|---|
| | | Education College എന്നിവയിൽ ഏതെങ്കിലും ഒന്നിൽ പഠിക്കുന്നവർക്ക്<br>(2)+2/ബിരുദ/ബിരുദാനന്തര പഠനകാലത്തെ കായിക പ്രകടനം പരിഗണിച്ച്<br>(3)അപേക്ഷിക്കുന്ന വർഷത്തെ സ്കോളർഷിപ്പിന് മുൻ വർഷത്തെ കായിക പ്രകടനത്തെ കോളേജിലെ വകുപ്പ് തലവൻ സ്ഥിരീകരിച്ച് പ്രിൻസിപ്പൽ അംഗീകരിച്ച അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ | നൽകുന്നു | കവിയാൻ പാടില്ല. | |
| 6 | Bhinna Sheshi Souhrida Scholarship | കേരളത്തിലെ +1 മുതൽ പി.ജി വരെയും B.ed, M.ed കോഴ്സുകളിൽ പഠിക്കുന്ന ശാരീരികവും മാനസിക വൈകല്യവുമുള്ള വിദ്യാർത്ഥികൾക്ക് | | വരുമാന പരിധി ഇല്ല | ഹോസ്റ്റലിൽ നിന്ന് പഠിക്കുന്നവർക്ക് മുഴുവൻ ഹോസ്റ്റൽ ഫീസും (6000 വരെ) Day Scholarക്ക് പ്രതിവർഷം 4000/- രൂപ ബോർഡിംഗ് GRANT ഉം നൽകുന്നു .കൂടാതെ സ്ഥാപന മേധാവി ആവശ്യപ്പെ |

| | | | | | |
|---|---|---|---|---|---|
| | | | | | ട്ടുന്ന ഫീസും അനുവദിക്കുന്നു. |
| 7 | Research Award (ASPIRE) | Govt, Aided Arts and Science College, University Department കൾ എന്നീ സ്ഥാപനങ്ങളിൽ പഠിക്കുന്ന PG, Phd വിദ്യാർത്ഥികൾക്ക് കേരളത്തിനകത്തും പുറത്തും internship ചെയ്യുന്നതിനായി സ്കോളർഷിപ്പ് അനുവദിക്കുന്നു | PG-1 മാസം PhD-4 മാസം എന്നിങ്ങനെ സമയക്രമം നിജപ്പെടുത്തിയിരിക്കുന്നു | വരുമാന പരിധി ഇല്ല | കേരളത്തിനകത്ത് പ്രതിമാസം 8000/- രൂപയും പുറത്ത് 10000/- രൂപയും |

**<u>കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നൽകുന്ന സ്കോളർഷിപ്പുകൾ</u>**

| ക്രമ നമ്പർ | പേര് | യോഗ്യത | വിവരണം | തുക |
|---|---|---|---|---|
| 1. | ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് | കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലും, യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലും പ്രൊഫഷണലേതര വിഷയങ്ങളിൽ ഒന്നാം വർഷ ഡിഗ്രി കോഴ്സിനു ചേരുന്ന (എയ്ഡഡ് കോഴ്സുകൾ) വിദ്യാർത്ഥികൾക്ക് | രണ്ടാംവർഷ ബിരുദ തലം മുതൽ രണ്ടാം വർഷ ബിരുദാനന്തര ബിരുദ തലം വരെ അക്കാദമിക് മികവിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പുകൾ പുതുക്കി നൽകുന്നു. | പ്ലസ് ടു വിന്/തത്തുല്യ പരീക്ഷകൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ 1000 വിദ്യാർത്ഥികളെയാണ് ബിരുദ പഠനത്തിനുള്ള സ്കോളർഷിപ്പിനായി ഓരോ വർഷവും തിരഞ്ഞെടുക്കുന്നത്.<br>i. ഒന്നാം വർഷ ബിരുദ പഠനത്തിന് 12,000/- രൂപ<br>ii. രണ്ടാം വർഷ ബിരുദ |

| | | | | |
|---|---|---|---|---|
| | | | | പഠനത്തിന് 18,000/- രൂപ,<br>iii. മൂന്നാം വർഷ ബിരുദ പഠനത്തിന് 24,000/- രൂപ,<br><br>ബിരുദാനന്തര ബിരുദ പഠനത്തിന് 600 സ്കോളർഷിപ്പുകളാണ് പ്രതിവർഷം നൽകുന്നത്.<br><br>i. ഒന്നാം വർഷ ബിരുദാനന്തര ബിരുദ പഠനത്തിന് 40,000/- രൂപ<br>ii. രണ്ടാം വർഷ ബിരുദാനന്തര ബിരുദ പഠനത്തിന് 60,000/- രൂപ<br><br>ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് 25% സ്കോളർഷിപ്പ് തുക അധികമായി നൽകിവരുന്നു. |

**സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മുഖേന നൽകുന്ന സ്കോളർഷിപ്പുകൾ**

| ക്രമ നമ്പർ | പേര് | യോഗ്യത | വിവരണം | തുക |
|---|---|---|---|---|
| 1. | നോൺ ഗേറ്റ് സ്കോളർഷിപ്പ് | എം.ടെക് വിദ്യാർത്ഥികൾക്ക് | സർക്കാർ എഞ്ചിനീയറിങ് കോളേജുകളിൽ ഓരോ അധ്യയന വർഷത്തിലും പ്രവേശനം നേടുന്ന | പ്രതിമാസം 6000/- രൂപ |

| | | | | |
|---|---|---|---|---|
| | | | എം.ടെക്ക് വിദ്യാർത്ഥികളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 5 വിദ്യാർത്ഥികൾക്ക് | |
| 2. | പി.എച്ച്.ഡി ഫെല്ലോഷിപ്പ് | മുഴുവൻ സമയ ഗവേഷക വിദ്യാർത്ഥികൾക്ക് | ഓരോ അധ്യയന വർഷത്തിലും 8 പേർക്ക് | പ്രതിമാസം 20,000/- രൂപ |

സെക്ഷൻ ഓഫീസർ